Week -1

# Weekly devotion - November 2017

## An enlightened lamp ( കത്തിച്ചദീപം)




തിരുവന്തപുരത്തെ പത്മനാഭപുരം കോട്ടയ്ക്കുള്ളിലെ ഒരു ഭവനമായിരുന്നു രാമകൃഷ്ണന്റേത്. ഊമവിഗ്രഹങ്ങളെ ആരാധിക്കുന്നതിൽ വിദ്വേഷം പ്രകടമാക്കിയ രാമകൃഷ്ണൻ ഒരു ശക്തനായ നിരീശ്വരവാദിയായി മാറി. നിരീശ്വരവാദികളോട് തർക്കിക്കുവാൻ അദ്ദേഹം വചനം പഠിച്ചു തുടങ്ങി. ദൈവവചനം പഠിച്ച രാമകൃഷണനെ നായർ തറവാട്ടിൽ നിന്നും മതം മാറിയ ഒരു മനുഷ്യനോട് തർക്കിക്കുവാൻ ചിലർ കൂട്ടിക്കൊണ്ടുപോയി. എതിർക്കുക എന്ന ഉദ്ദേശത്തോടെ വചനം പഠിച്ചവന്റെ സമാധാനം നഷ്ടമായി തുടങ്ങിയിരുന്നു. അന്നത്തെ തർക്കം കഴിഞ്ഞു വന്നവന്റെ ഉള്ളം കലങ്ങിമറിയുന്ന കടൽത്തിര പോലെ ഇളകിമറിഞ്ഞു. സമാധാനം നഷ്ടമായവൻ ആത്മഹത്യ ചെയ്യുവാൻ തീരുമാനിച്ചു. വിഷം കയ്യിലെടുത്തവന് പെട്ടന്ന് യെശ: (57:20) വായിക്കണമെന്ന് തോന്നി.തന്റെ മനസ്സിന്റെ അവസ്ഥ വെളുപ്പെടുത്തി തന്ന ആത്മനാഥനെ സ്വീകരിച്ച് ആത്മഹത്യ ഒഴിവാക്കി. മാത്രമല്ല നിത്യനരകത്തിന്റെ ഓഹരി ഉപേക്ഷിച്ച് നിത്യജീവന് അവകാശിയായി തീർന്നു. യഹോവ അവനിലെ ദീപം കത്തിച്ചപ്പോൾ അന്ധകാരം മാറി പ്രകാശമായി തീർന്നു (സങ്കി:18:28). ലോക പ്രകാരമുള്ള ഇരുട്ടിനെ മാറ്റുവാൻ നാം വിളക്കു കത്തിച്ചാൽ മതി. മനുഷ്യർ തെളിയിക്കുന്ന വിളക്ക് ഏതുസമയവും കെട്ടുപോകുന്നു.

എന്നാൽ ദൈവം കത്തിച്ച വിളക്ക് ശത്രുവിന് അണയ്ക്കുവാൻ കഴിയുന്നില്ല. യോഹ:9 ൽ യേശു, പിറവിയിലെ കുരുടനായവനെ സൗഖ്യമാക്കിയതായി കാണാം. ഈ മനുഷ്യന്റെ കാഴ്ചയെ അംഗീകരിക്കുവാൻ മടിയ്ക്കുന്നവരാണ് യഥാർത്ഥ കുരുടർ അഥവാ അന്ധകാരത്തിൽ കഴിയുന്നവർ. കണ്ണ് തുറന്നവനെപ്പറ്റി അനുഭവസ്ഥൻ പറയുന്നത് ശ്രദ്ധിക്കാത്തവരാണിവർ (യോഹ: 9:27, 32-33). ദൈവപുത്രനെ കണ്ടെത്തിയവന്റെ വിളക്ക് അവർ

അണയ്ക്കുവാൻ ശ്രമിച്ചത് വിഫലമായി. കാരണം യേശു കത്തിച്ച വിളക്ക് മറ്റൊരു ശക്തിയ്ക്കും കെടുത്തുവാൻ കഴിയില്ല.

സ്വന്തവഴിയെ പോകുന്നവന്റെ മുൻപിൽ അന്ധകാരമാണ്. ഇരുട്ടിന്റെ വഴിയേ പോകുന്നവരിൽ നിന്നും ചിലരെ ദൈവം തിരഞ്ഞെടുക്കുന്നു. അപ്പോ: പ്ര (9:1,2) വാക്യങ്ങളിൽ കാണുന്ന ശൗലിന്റെ പ്രവർത്തി നോക്കുക. പുറം കണ്ണ് കാണുന്നവന്റെ പ്രവർത്തി ഹീനമാകയാൽ, ഉള്ളം മുഴുവനും ഇരുട്ടാണ് അന്ധകാരത്തിന്റെ പ്രവർത്തികൾ ചെയ്യുവാനുള്ള അധികാരപത്രം കരസ്ഥമാക്കിയവൻ പിതൃപാരമ്പര്യം മുറുകെ പിടിക്കുകയും സഭയെ മുടിക്കുവാൻ ക്രിസ്ത്യാനികളെ പീഢിപ്പിക്കുകയും ചെയ്തു എന്ന് ഗലാ:(1: 13,14) വാക്യങ്ങളിൽ സാക്ഷ്യപ്പെടുത്തുന്നതു കാണാം.

യഹോവ ഇരുട്ടിൽ നടന്നവനെ കണ്ടെത്തി അവനെ പ്രകാശം ചുറ്റിമിന്നി. താഴെ വീണ ശൗലിന്റെ ഇതുവരെ കാഴ്ച നല്കിയ കണ്ണ് ഇരുണ്ടു എങ്കിലും ഉള്ളം പ്രകാശിതമായി. നീ ഉപദ്രവിക്കുന്നതെന്ത് എന്ന കർത്താവിന്റെ ചോദ്യവും നീ ആരാകുന്നു കർത്താവേ എന്ന അവന്റെ ഹൃദയത്തിൽ നിന്നുള്ള സംശയവും ചോദ്യവും വിളക്ക് പ്രകാശമാകുവാൻ കാരണമായി. ക്രിസ്തുവിനെ തന്നിൽ വെളിപ്പെടുത്തുവാൻ അവൻ തയാറായപ്പോൾ ശൗലിന്റെ അന്ധകാരവും, പേരും മാറ്റി. വെളിച്ചം ഉള്ളിലെത്തിയവൻ പൗലോസായി മാറി ക്രിസ്തുവിനായി പ്രകാശിച്ചു.

**ഉള്ളിലെ പ്രകാശം പ്രാപിച്ചവന്റെ 4 പ്രത്യേകതകൾ**

1 പുതു സൃഷ്ടി- കരുണയും സമാധാനവും ലഭിപ്പാൻ പുതുസൃഷ്ടിയാകേണ്ടത് ആവശ്യമാണ്. (ഗലാ:1:15) അതിന് ഒരുവൻ ക്രസ്തുവിലാകണം. (2 കൊരി 5:17,18)

2.പുതുജനനം - സൃഷ്ടിപ്പ് നടക്കേണ്ടതാവശ്യമാകയാൽ ഒരു ഉത്ഭവം നടന്നേ മതിയാകുകയുള്ളൂ! യോഹ (3:5) ൽ അത് എങ്ങനെ എന്ന് വ്യക്തമാകുന്നു.

3. പുതുമനുഷ്യൻ - ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ച് പുതുമനുഷ്യനാകുകയാണ് വേണ്ടത് -എഫേ: (4:22-24)

4. പുതുജീവിതം- റോമർ (6:6-8)

പാപശരീരത്തിന് നീക്കം വരുത്തി ക്രിസ്തുവിനോടു കൂടെ ജീവിക്കുവാൻ പുതുജീവിതം നയിക്കണം

പ്രിയരേ ! യഹോവ കത്തിച്ച വിളക്കായി ഈ ലോകത്തിൽ പുതുജീവിതം നയിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ. ജഡത്തിനായി ചിന്തിക്കാതെ ക്രിസ്തുവിനെ ധരിക്കുന്നവരായി കത്തിച്ചവിളക്കുകളായി പുതുജീവിതം നയിപ്പാൻ ദൈവം സഹായിക്കട്ടെ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind